**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4473** **01-07-2024 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തിലെ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി നിലവിൽ എത്ര രൂപയാണെന്നും ഇത് തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർവ്യവസായത്തിൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി 350 (കയർ സംഘം വിഹിതം 240 , സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽ 110 രൂപ) രൂപയാണ്. കയർ ഉൽപ്പന്ന മേഖലയിൽ ദിവസ വേതനം 815 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സർക്കാർ വിഹിതം നൽകിവരുന്നത്.ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീമിൽ 45 .9 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട് . |
| (ബി) | കയർ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിലയായി ആകെ എത്ര രൂപയാണ് നൽകാൻ ഉള്ളതെന്നും എന്നു മുതലുള്ള തുകയാണ് ഇപ്രകാരം കുടിശികയുള്ളതെന്നും ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | കയർ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയുംവിലയായി 2024 ഫെബ്രുവരി മാസം മുതൽ ആകെ 15,63,34,830/-(പതിനഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തി നാലായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) രൂപയാണ് നൽകാനുള്ളത്. ഇതിൽ 14,55,71,418/-(പതിനാല് കോടി അമ്പത്തഞ്ച് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാന്നൂറ്റി പതിനെട്ട് രൂപ മാത്രം) രൂപ കയർ വിലയിനത്തിലും 1,07,63,412/-(ഒരു കോടി ഏഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി നാന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ ഉൽപ്പന്ന വിലയിനത്തിലുമാണ് നല്കവാനുള്ളത്. കയർ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിലയായി നൽകുവാനുള്ള തുക ഗഡുക്കളായി കൊടുത്തുതീർത്തു വരുന്നു. |
| (സി) | കയർ മേഖലയിലെ നിലവിലെ പ്രതിസന്ധികൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | (സി) | കയർ മേഖലയിൽ പ്രതിസന്ധികൾ ഉണ്ടാവാതിരിക്കുവാൻ ആവശ്യമായ സമയോചിതമായ ഇടപെടലുകൾ സർക്കാർ നടത്തി വരുന്നു. പ്രതിസന്ധിയെ കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു .സമിതി |

| | | | |
|---|---|---|---|
| | | | ഇടക്കാല റിപ്പോർട്ട് നൽകിയിട്ടുണ്ട് .അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു .അന്തിമ റിപ്പോർട്ട് ലഭിച്ചതിന് ശേഷം കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗത്തിന്റെയും പ്രതിനിധികളുമായി ചർച്ച നടത്തി സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ് . പരമ്പരാഗത കയർ ഉൽപ്പന്നങ്ങൾ, വിപണിയിൽ ലഭ്യമായ സമാന ഉപയുക്തതയുള്ള വിവിധങ്ങളായ ഉല്പന്നങ്ങളോട് അവയുടെ വില നിലവാരത്തിലും ഗുണനിലവാരത്തിലും മത്സരിക്കുന്നതിന് പരിമിതികൾ നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി യന്ത്രവത്കരണത്തിലൂടെ ഉൽപ്പാദനക്ഷമത വർധിപ്പിച്ചും നവീന ഡിസൈനുകളിലും നൂതന സാങ്കേതിക വിദ്യയിലും ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കാൻ പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസന/ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും വരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഭോപാലുമായി ചേർന്ന് കയർ കോർപറേഷൻ, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം കയർ ഭൂവസ്ത്രത്തിന്റെ നിർമ്മാണവും വിപണനവും കേരള സംസ്ഥാന കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. കയർ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ കോർപറേഷൻ, അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾ മാർട്ടുമായി സഹകരിച്ചു വരുന്നു. സ്ഥാപിക്കപ്പെട്ട യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ആവശ്യമായ രീതിയിൽ പരിഷ്കരിക്കുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ